# പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ഒക്ടോബർ 25, തിങ്കൾ

**നമ്പർ 39**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

സംസ്ഥാനത്തുണ്ടായ പ്രകൃതി ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കുന്നതിലും രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലും മുന്നറിയിപ്പ് സംവിധാനം കാര്യക്ഷമമാക്കുന്നതിലും സർക്കാർ പരാജയപ്പെട്ടതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) സംസ്ഥാനത്തുണ്ടായ മഴക്കെടുതിയുടെ പശ്ചാത്തലത്തിൽ അടിയന്തര സഹായത്തിനും പുനർ നിർമ്മാണത്തിനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. എം. എം. മണി മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1785/2021(i).

(2) ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി പൊഴിയിലും ഹാർബറിലും വലിയഴീക്കലിലും നടത്തപ്പെടുന്ന കരിമണൽ ഖനനം അവസാനിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീമതി കെ. കെ. രമ നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. പി. പി. സുമോദ് | ഹരിത കർമ്മ സേനയുടെ പ്രവർത്തനം | തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കു വേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 2 | ശ്രീ. ഡി. കെ. മുരളി | ഇ. എഫ്. എൽ. പരിധിയിൽ ഉൾപ്പെട്ട പൊന്മുടി മേഖലയിലെ തോട്ടവും തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് നടപടി | വനം - വന്യജീവി വകുപ്പുമന്ത്രി |
| 3 | ശ്രീമതി ശാന്തകുമാരി കെ. | അട്ടപ്പാടിയിലേക്ക് കാഞ്ഞിരപ്പുഴ പൂഞ്ചോലവഴി ബദൽ റോഡ് നിർമ്മിക്കുന്നതിന് വനഭൂമി നൽകുന്നതിന് നടപടി | വനം - വന്യജീവി വകുപ്പുമന്ത്രി |
| 4 | ശ്രീ. എച്ച്. സലാം | തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം | മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമം വകുപ്പുമന്ത്രി |
| 5 | ശ്രീ. സണ്ണി ജോസഫ് | പാൽച്ചുരം-ബോയ്സ് ടൗൺ റോഡ് പുനർനിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. ഇ. കെ. വിജയൻ | ചെടിയാലക്കടവ് പാലം നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 7 | ശ്രീ. രമേശ് ചെന്നിത്തല | ഹരിപ്പാട് ആയുർവ്വേദ മെഡിക്കൽ കോളജ് ആരംഭിക്കുന്നതിന് നടപടി | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. ജെ. മാക്സി | മട്ടാഞ്ചേരി-കൊച്ചി അർബൻ പ്രൊജക്ടിന് കീഴിലുള്ള അംഗനവാടികളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 9 | ശ്രീ. പി. അബ്ദുൽ ഹമീദ് | മുന്നിയൂരിലും പെരുവള്ളൂരിലും തേഞ്ഞിപ്പാലത്തും ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് നടപടി | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. ടി. സിദ്ദിഖ് | നിലമ്പൂർ-നഞ്ചൻഗോഡ് റയിൽപാത | കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി |

അതാതു വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ട് സമർപ്പണം</u> :

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

(i) കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട്.

(ii) 2021-ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട്.

(iii) 2021-ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട്.

(iv) 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ റിപ്പോർട്ട്.

<u>റിപ്പോർട്ട് പരിഗണന</u> :

കാര്യോപദേശകസമിതിയുടെ നാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു

<u>സ്പീക്കറുടെ റൂളിംഗുകൾ</u> :

(1) 2005-ലെ വിവരാവകാശ നിയമ പ്രകാരമുള്ള വാർഷിക റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കാത്തതിനെതിരെ ചട്ടം 303 പ്രകാരം ശ്രീ. ടി. സിദ്ദിഖ് 2021 ഒക്ടോബർ 12-ാം തീയതി ഉന്നയിച്ച ക്രമപ്രശ്നത്തിൽ സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി:

"കേന്ദ്ര നിയമമായ 2005-ലെ വിവരാവകാശ നിയമത്തിന്റെ സെക്ഷൻ 25 പ്രകാരം ഓരോ വർഷവും നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് സംസ്ഥാന വിവരാവകാശ കമ്മീഷൻ തയ്യാറാക്കേണ്ടതും അതിനുശേഷം സർക്കാർ അത് സഭയുടെ മേശപ്പുറത്തു വയ്ക്കേണ്ടതുമാണ്. എന്നാൽ പ്രസ്തുത റിപ്പോർട്ടുകൾ കഴിഞ്ഞ കുറെ വർഷങ്ങളായി യഥാസമയം സഭയുടെ മേശപ്പുറത്തു വയ്ക്കുന്നില്ല എന്നും ഇതുമൂലം ഇക്കാര്യങ്ങൾ അറിയാനുള്ള സഭയുടെ അവകാശം ഹനിക്കപ്പെടുന്നുവെന്നും ഇക്കാര്യത്തിൽ റൂളിംഗ് ഉണ്ടാവണമെന്നുമാണ് ഒക്ടോബർ 12-ാം തീയതി ശ്രീ. ടി. സിദ്ദിഖ് തന്റെ ക്രമപ്രശ്നത്തിലൂടെ സഭയിൽ ഉന്നയിച്ചത്.

ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയത്തിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങൾ വിശദമായി പരിശോധിച്ച് മറുപടി പറയുന്നതിന് കൂടുതൽ സമയം വേണ്ടതുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതുസംബന്ധിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയും ചെയറിന്റെ റൂളിംഗ്-ഉം 2021 ഒക്ടോബർ 20-ാം തീയതി നൽകുമെന്ന് അന്നുതന്നെ അറിയിച്ചിരുന്നു. എന്നാൽ കഴിഞ്ഞ ദിവസങ്ങളിൽ സംസ്ഥാനം നേരിട്ട പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഒക്ടോബർ 20, 21, 22 തീയതികളിലെ സഭാ നടപടികൾ ഒഴിവാക്കപ്പെട്ട സാഹചര്യത്തിലാണ് ഈ ക്രമപ്രശ്നത്തിന്മേലുള്ള സർക്കാർ വിശദീകരണം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ നൽകിയിട്ടുള്ളത്.

ക്രമപ്രശ്നത്തിന് ആധാരമായ വിഷയവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണവും ചെയർ പരിശോധിക്കുകയുണ്ടായി. ഇവിടെ വിശദീകരിച്ചതുപോലെ 2005-ലെ വിവരാവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കിയതു സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങുന്ന സംസ്ഥാന വിവരാവകാശ കമ്മീഷന്റെ വാർഷിക റിപ്പോർട്ടുകളിൽ 2017-18, 2018-19, 2019-20, 2020-21 എന്നീ നാലുവർഷങ്ങളിലെ റിപ്പോർട്ടുകളാണ് ഇനിയും സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതായിട്ടുള്ളത്. അതിൽ 2017-18 വർഷത്തെ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിൽ

ലഭ്യമാക്കിയിട്ടുള്ളതായും ശേഷിക്കുന്നവ എത്രയും വേഗം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിക്കുകയുണ്ടായി. ഇനിയും സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട എല്ലാ റിപ്പോർട്ടുകളും സമയബന്ധിതമായി സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനുള്ള നടപടികൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ സംബന്ധിച്ച സമിതി സ്വീകരിച്ചു കഴിഞ്ഞതായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽനിന്നും വ്യക്തമാകുന്നുണ്ട്.

ഈ സാഹചര്യത്തിൽ, വിവരാവകാശ നിയമപ്രകാരമുള്ള എല്ലാ പൊതു അധികാരികളിൽ നിന്നും നിർദ്ദിഷ്ട വിശദാംശങ്ങൾ സമയബന്ധിതമായി ശേഖരിച്ച് കുടിശ്ശികയായിട്ടുള്ള എല്ലാ റിപ്പോർട്ടുകളും കഴിയുന്നതും വേഗം സഭയുടെ മേശപ്പുറത്തുവയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു.

ഇക്കാര്യത്തിൽ പ്രത്യേകിച്ചും, സമാന റിപ്പോർട്ടുകളുടെ കാര്യത്തിൽ പൊതുവെയും അവ യഥാസമയം സഭയുടെ മേശപ്പുറത്തു വയ്ക്കുന്നു എന്ന് ഉറപ്പാക്കുന്ന കാര്യത്തിൽ പ്രസ്തുത നിയമസഭാ സമിതി അതിന്റെ നിരീക്ഷണം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു."

(2) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 175 (1)-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമുള്ള ചട്ടങ്ങൾ നാളിതുവരെ പുറപ്പെടുവിക്കാത്തതിനെതിരെ ചട്ടം 303 പ്രകാരം ശ്രീ. യു. എ. ലത്തീഫ് ഉന്നയിച്ച ക്രമപ്രശ്നത്തിൽ സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി:

"1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 175(1) അനുശാസിക്കുന്ന പ്രകാരം ഓരോ വർഷവും വികസന പദ്ധതികൾ തയ്യാറാക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനായി നിർമ്മിക്കേണ്ട ചട്ടങ്ങൾ, നിയമം നിലവിൽ വന്ന് 27 വർഷങ്ങൾ കഴിഞ്ഞിട്ടും നിർമ്മിക്കപ്പെടാതിരുന്നതിനെ സംബന്ധിച്ചാണ് ചട്ടം 303 പ്രകാരം ശ്രീ. യു. എ. ലത്തീഫ് ഒരു ക്രമപ്രശ്നം സഭയിൽ ഉന്നയിച്ചത്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന് കീഴിൽ ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്ന വ്യക്തമായ വ്യവസ്ഥകൾ ഉണ്ടായിട്ടും ഇതുവരെ ചട്ടങ്ങൾ നിർമ്മിക്കുവാൻ കഴിയാതിരുന്നതിനെ സംബന്ധിച്ച കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

അധികാര വികേന്ദ്രീകരണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണവും ലക്ഷ്യം വച്ചുകൊണ്ടും, 73-ഉം 74-ഉം ഭരണഘടനാ ഭേദഗതികൾക്കനുസൃതമായും 1994-ൽ കേരള നിയമസഭ പാസ്സാക്കിയ രണ്ട് സുപ്രധാന നിയമങ്ങളാണ് 1994-ലെ കേരള

പഞ്ചായത്ത് രാജ് നിയമവും, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമവും. ഈ നിയമങ്ങളുടെ ശരിയായ നടത്തിപ്പിനായി ഒട്ടേറെ ചട്ടങ്ങൾക്ക് കഴിഞ്ഞ കാലങ്ങളിൽ രൂപം കൊടുത്തിരുന്നതായി നമുക്കറിയാം. അവയൊക്കെത്തന്നെ സംസ്ഥാനത്തൊട്ടാകെ, പ്രസ്തുത നിയമങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് ഏറെ അനുഗുണമായിരുന്നതായും കാണാവുന്നതാണ്.

എന്നാൽ ഓരോ തലത്തിലുമുള്ള പഞ്ചായത്തുകൾ ഓരോ വർഷവും തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതായ തൊട്ടടുത്ത വർഷത്തേക്കുള്ള വികസന പദ്ധതികൾ സംബന്ധിച്ച റിപ്പോർട്ടുകൾ എപ്രകാരമായിരിക്കണമെന്നത് നിഷ്കർഷിക്കേണ്ടതും സെക്ഷൻ 175(1)-ൽ വിഭാവനം ചെയ്തിട്ടുള്ളതുമായ ചട്ടങ്ങൾക്ക് നാളിതുവരെ അന്തിമ രൂപം നൽകിയിട്ടില്ല എന്ന വസ്തുത സഗൗരവം വീക്ഷിക്കേണ്ട ഒരു കാര്യം തന്നെയാണെന്നാണ് കാണുന്നത്. അതിനേക്കാൾ ഗുരുതരമായി ചെയർ കാണുന്നത് 14-ാം കേരള നിയമസഭയിൽ, 2016 നവംബർ 9-ാം തീയതി സഭയിൽ ഉന്നയിക്കപ്പെട്ട ഇതേ വിഷയത്തിന്മേലുള്ള ഒരു ക്രമപ്രശ്നത്തിന് മറുപടി പറഞ്ഞ അന്നത്തെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സഭയ്ക്ക് ഉറപ്പുനൽകിയിരുന്നത് 2017-18 സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണമാകുമ്പോഴേക്കും ചട്ടങ്ങൾ കൊണ്ടുവരാൻ സർക്കാർ ശ്രമിക്കുമെന്നാണ്. അതിനുശേഷം ഇപ്പോൾ 5 വർഷം പൂർത്തീകരിച്ച വേളയിലും കരട് ചട്ടങ്ങൾ പരിശോധനാ തലത്തിലാണെന്നാണ് അറിയിച്ചിരിക്കുന്നത്. സഭയ്ക്ക് നൽകപ്പെട്ട ഉറപ്പ് പാലിക്കുന്നതിൽ തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ ശരിയായ രീതിയിലുള്ള ഒരു പരിശ്രമവും ഇതിനകം നടത്തിയില്ല എന്നത് നീതീകരിക്കാനാവുന്നതല്ലെന്ന് പറയേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽവന്ന കാലതാമസം പ്രത്യേകമായി പരിശോധിച്ച് ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കാനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ സാഹചര്യത്തിൽ ഇവിടെ പ്രത്യേകമായി പരാമർശിച്ച ചട്ടങ്ങൾക്ക് ഒരു മാസത്തിനകം രൂപം നൽകണമെന്നും അതിനുശേഷം അത് കരട് രൂപത്തിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ മുൻകൂർ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു.

അതോടൊപ്പം സഭ മുൻപ് പാസ്സാക്കിയതും ഇപ്പോൾ പാസ്സാക്കിക്കൊണ്ടിരിക്കുന്നതുമായ നിയമങ്ങൾ പ്രകാരം സർക്കാർ നിർമ്മിക്കപ്പെടേണ്ട ചട്ടങ്ങൾ നിയമസഭാ നടപടി ചട്ടങ്ങളിലെ ചട്ടം 238 (2)-ൽ പരാമർശിച്ചിരിക്കുന്ന കാലപരിധിക്കുള്ളിൽത്തന്നെ തയ്യാറാക്കി അതതു സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മപരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു.

ചട്ടങ്ങളുടെ സമയബന്ധിതമായ രൂപീകരണം, കരട് ചട്ടങ്ങളുടെ സൂക്ഷ്മ പരിശോധന തുടങ്ങിയ കാര്യങ്ങളിൽ വിവിധ സബ്ജക്ട് കമ്മിറ്റികൾ സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച് 2019 ജൂൺ 12 ാം തീയതി ചെയറിൽ നിന്നുണ്ടായിട്ടുള്ള നിർദ്ദേശങ്ങൾ എല്ലാ സബ്ജക്ട് കമ്മിറ്റികളും കർശനമായി പാലിക്കേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു."

<u>ധനകാര്യം</u> :

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2021-2022 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഭയുടെ മേശപ്പുറത്ത് വച്ചു.

<u>നിയമനിർമ്മാണകാര്യം</u> :

**സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും:**

(1) <u>2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ, 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ, 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തിയ ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. പി. സി. വിഷ്ണുനാഥ് എന്നീ അംഗങ്ങൾ സംസാരിച്ചു.

2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. പ്രമോദ് നാരായൺ അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*) അവതരിപ്പിച്ച് സംസാരിച്ചു.

2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ടി. പി. രാമകൃഷ്ണൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. പി. നന്ദകുമാർ

അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. ഇ. ചന്ദ്രശേഖരൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. വി. ശശി അവതരിപ്പിച്ച് സംസാരിച്ചു.

2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ, വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. പി. കെ. ബഷീർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകൾ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ പാസ്സാക്കുകയും ചെയ്തു.

(i) <u>സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ</u>

<u>ഒന്നാം വകുപ്പ്</u>

In Clause 1(2) for the figures and letter "17h" the figures and letters "17th" shall be substituted.

<u>രണ്ടാം വകുപ്പ്</u>

In section 4(8) proposed to be amended in the principal Act by Clause 2(3), after the words " The Government may" the symbol " ," shall be inserted.

(ii) <u>2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ, 2021</u>

<u>അഞ്ചാം വകുപ്പ്</u>

ഖണ്ഡം 5 (iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 2(ജെഎ)-ൽ "നഗര പ്രദേശ" എന്നതിനു പകരം "നഗരപ്രദേശ" എന്ന് ചേർക്കുക.

<u>ആറാം വകുപ്പ്</u>

(1) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1)-ൽ "സത്വരമായി" എന്നതിന് പകരം "സമയബന്ധിതമായി" എന്ന് ചേർക്കുക.

(2) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1) (എ)-ൽ "ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ" എന്നതിന് പകരം "നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലിന്റെ" എന്ന് ചേർക്കുക.

(3) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1) (ബി)-ൽ "റെസ്ക്യൂ" എന്നതിന് ശേഷം "സർവ്വീസസ്" എന്ന് ചേർക്കുക.

(4) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6 എ(1) (സി)-ൽ "കേരള വ്യവസായ വികസന കോർപ്പറേഷൻ, മാനേജിംഗ് ഡയറക്ടർ" എന്നതിനു പകരം "മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ" എന്ന് ചേർക്കുക.

(5) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(3)-ൽ "ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ" എന്നതിനു പകരം "നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലിന്റെ" എന്ന് ചേർക്കുക

(6) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(1)-ൽ "ബ്യൂറോയിലെ" എന്നതിനുപകരം "ബ്യൂറോയുടെ" എന്നത് ചേർക്കുക.

(7) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (1)-ൽ "വിവിധ സംസ്ഥാന" എന്നതിന് പകരം "സംസ്ഥാനത്തെ" എന്ന് ചേർക്കുക.

(8) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (4)-ൽ "മുമ്പ്" എന്ന വാക്കിന് പകരം "മുൻപ്" എന്ന വാക്ക് ചേർക്കുക.

(9) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (6)-ൽ "(5)-ാം" എന്ന അക്കത്തിനും ചിഹ്നത്തിനും പകരം "(4)-ാം" എന്ന അക്കവും ചിഹ്നവും ചേർക്കുക.

(10) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (6)-ൽ "ഒരുവർഷക്കാലയളവിനുള്ളിൽ" എന്നതിന് പകരം "ഒരു വർഷക്കാലയളവിനുള്ളിൽ" എന്ന് ചേർക്കുക.

(11) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(6)-ൽ "പാലിക്കുവാൻ" എന്നതിന് പകരം "പാലിക്കുന്നതിൽ" എന്നത് ചേർക്കുക.

(12) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(6)-ൽ "വീഴ്ചവരുത്തുന്നപക്ഷം" എന്നതിന് പകരം "വീഴ്ച വരുത്തുന്നപക്ഷം" എന്ന് ചേർക്കുക.

(13) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി(2)-ൽ "നിന്നു" എന്നതിന് പകരം "നിന്ന്" എന്ന് ചേർക്കുക.

(14) ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (3)(ഡി)(ii)-ൽ "പൂർത്തിയാക്കാത്ത" എന്നതിന് പകരം "പൂർണ്ണമല്ലാത്ത" എന്ന് ചേർക്കുക.

(15) ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ഡി-ൽ

(i) "ബ്യൂറോ" എന്ന വാക്കിനുപകരം "ബ്യൂറോയ്ക്ക്, പ്രസ്തുത വ്യവസായ സ്ഥാപനത്തിന് ഒരു നോട്ടീസ് നൽകിയതിനുശേഷവും അപ്രകാരമുള്ള വ്യവസായസ്ഥാപനം നൽകുന്ന മറുപടി ഏതെങ്കിലും ഉണ്ടെങ്കിൽ, അത് പരിഗണിച്ചതിനുശേഷവും" എന്ന വാക്കുകൾ ചേർക്കുക.

(ii) "റദ്ദാക്കേണ്ടതും" എന്ന വാക്കിന് പകരം "റദ്ദാക്കാവുന്നതും" എന്ന വാക്ക് ചേർക്കുക.

(iii) <u>2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ</u>

<u>അഞ്ചാം വകുപ്പ്</u>

(1) ഖണ്ഡം 5(1)-ൽ "സർക്കാരിന്" എന്നതിനുപകരം "സർക്കാരിന്," എന്ന് വാക്കും ചിഹ്നവും ചേർക്കുക.

(2) ഖണ്ഡം 5(2)-ൽ "അതിന്റെ" എന്നതിനുപകരം "സഭ" എന്ന് ചേർക്കുക.

(3) ഖണ്ഡം 5(2)-ൽ "അതിന്റെ മുമ്പാകെ" എന്നതിനുശേഷം വരുന്ന "അത്" എന്നത് ഒഴിവാക്കുക.

(2) <u>2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ</u>

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*), ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നീ അംഗങ്ങൾ സംസാരിച്ചു.

2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ജോബ് മൈക്കിൾ അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. കെ. യു. ജനീഷ് കുമാർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. കെ. ബാബു (*നെന്മാറ*) അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ പാസ്സാക്കുകയും ചെയ്തു.

<u>രണ്ടാം വകുപ്പ്</u>

ഖണ്ഡം 2-ൽ "-(1)" എന്നത് നീക്കം ചെയ്യുക.

<u>മൂന്നാം വകുപ്പ്</u>

(1) ഖണ്ഡം 3(2)-ൽ "ബോർഡ്" എന്നതിന് ശേഷം "," ചിഹ്നം ചേർക്കുക.

(2) ഖണ്ഡം3(4)(എച്ച്)-ൽ "യൂണിയനുകളിലെ" എന്നതിനുപകരം "യൂണിയനുകളുടെ" എന്ന് ചേർക്കുക.

<u>ആറാം വകുപ്പ്</u>

(1) ഖണ്ഡം 6-ൽ "തുടരുന്നതിനും" എന്ന വാക്കിനു മുമ്പായി "അംഗമായി" എന്ന് ചേർക്കുക.

(2) ഖണ്ഡം 6(ഡി)-ൽ, "ബോർഡോ" എന്നതിനുശേഷം "," ചിഹ്നം ചേർക്കുക.

<u>ഏഴാം വകുപ്പ്</u>

(1) ഖണ്ഡം 7(1)-ൽ "അംഗത്തിനെയോ" എന്ന വാക്കിന് പകരം "അംഗത്തെയോ" എന്ന് ചേർക്കുക.

(2) ഖണ്ഡം 7(2)-ൽ, "സമയത്ത്" എന്നതിനു പകരം "കാലയളവിൽ" എന്ന് ചേർക്കുക.

<u>എട്ടാം വകുപ്പ്</u>

ഖണ്ഡം 8-ൽ "സർക്കാരിന്" എന്നതിന് പകരം "സർക്കാരിനെ" എന്ന് ചേർക്കുക.

<u>ഒൻപതാം വകുപ്പ്</u>

(1) ഖണ്ഡം 9(1)-ൽ "വകുപ്പ്" എന്ന് വരുന്നിടത്തെല്ലാം "വകുപ്പ്" എന്ന് ചേർക്കുക.

(2) ഖണ്ഡം 9(2)-ൽ "ഏതു" എന്നതിനുപകരം "ഏത്" എന്ന് ചേർക്കുക."

<u>പതിമൂന്നാം വകുപ്പ്</u>

ഖണ്ഡം 13(1)-ൽ "ഡെപ്യൂട്ടേഷൻ" എന്നതിന് പകരം "അന്യത്ര സേവന വ്യവസ്ഥ" എന്ന് ചേർക്കുക.

<u>പതിനാറാം വകുപ്പ്</u>

ഖണ്ഡം 16 (2) (ഇ)-ൽ "വച്ച്" എന്നതിന് പകരം "നട്ട്" എന്ന് ചേർക്കുക.

<u>ഇരുപതാം വകുപ്പ്</u>

ഖണ്ഡം 20(3)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കുക:

"(4) 2002-ലെ കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ ചട്ടങ്ങൾക്ക് കീഴിൽ കള്ള്ഷാപ്പ് ലൈസൻസികളിൽ നിന്നും അധിക വാർഷിക റെന്റൽ ആയി ഈടാക്കുന്ന തുകയും തൊഴിലാളി കമ്മിറ്റികൾ നടത്തുന്ന കള്ള്ഷാപ്പുകളുടെ സംഗതിയിൽ അധിക വാർഷിക റെന്റൽ ആയി ഈടാക്കുന്ന തുകയും, സംസ്ഥാന നിയമസഭ നിയമംമൂലം നടത്തുന്ന യഥാവിധിയുള്ള ധനവിനിയോഗത്തിനു ശേഷം നിധിയിലേക്ക് വരവ് വയ്ക്കേണ്ടതാണ്.

(5) 1959-ലെ വൃക്ഷക്കര ചട്ടങ്ങൾക്ക് കീഴിൽ അധിക പെർമിറ്റ് ഫീസായി ചുമത്തുന്ന ഒരു രൂപ സംസ്ഥാന നിയമസഭ നടത്തുന്ന യഥാവിധിയുള്ള ധനവിനിയോഗത്തിനുശേഷം നിധിയിലേക്ക് വരവ് വയ്ക്കേണ്ടതാണ്.".

2021 ഒക്ടോബർ 26-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 6.18-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.

## FIFTEENTH KERALA LEGISLATIVE ASSEMBLY

### Third Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, October 25, 2021*

**No. 39**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three Questions in the list of Questions posted for the day were answered orally.

*Adjournment Motion :*

After hearing the Minister for Revenue and Housing, the Speaker withheld consent to the moving of an adjournment motion given notice of by Shri Thiruvanchoor Radhakrishnan and five other Members regarding the serious situation reported to have arisen consequent on the failure of the Government in making efficient the system for giving warning on natural disaster in the State, in minimising the impact of the disaster and in co-ordinating the rescue operations.

(As a mark of protest against the attitude of the Government the Members belonging to opposition staged a walkout).

*Calling Attention :*

1. Shri M. M. Mani called the attention of the Chief Minister to the necessity to take steps for emergency relief and reconstruction in the wake of devastating rain in the State. The Chief Minister made a statement thereto.
2. Smt. K. K. Rema called the attention of the Minister for Law, Industries and Coir to the necessity to stop mineral sand mining in Thottappalli Pozhi, Harbour and Valiyazheekkal in Alappuzha district. The Minister made a statement thereto.

KNPP. 1785/2021(ii).

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. പി. പി. സുമോദ് | ഹരിത കർമ്മ സേനയുടെ പ്രവർത്തനം | തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കു വേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 2 | ശ്രീ. ഡി. കെ. മുരളി | ഇ. എഫ്. എൽ. പരിധിയിൽ ഉൾപ്പെട്ട പൊന്മുടി മേഖലയിലെ തോട്ടവും തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് നടപടി | വനം - വന്യജീവി വകുപ്പുമന്ത്രി |
| 3 | ശ്രീമതി ശാന്തകുമാരി കെ. | അട്ടപ്പാടിയിലേക്ക് കാഞ്ഞിരപ്പുഴ പൂഞ്ചോലവഴി ബദൽ റോഡ് നിർമ്മിക്കുന്നതിന് വനഭൂമി നൽകുന്നതിന് നടപടി | വനം - വന്യജീവി വകുപ്പുമന്ത്രി |
| 4 | ശ്രീ. എച്ച്. സലാം | തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം | മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമം വകുപ്പുമന്ത്രി |
| 5 | ശ്രീ. സണ്ണി ജോസഫ് | പാൽച്ചുരം-ബോയ്സ് ടൗൺ റോഡ് പുനർനിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 6 | ശ്രീ. ഇ. കെ. വിജയൻ | ചെടിയാലക്കടവ് പാലം നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. രമേശ് ചെന്നിത്തല | ഹരിപ്പാട് ആയുർവ്വേദ മെഡിക്കൽ കോളജ് ആരംഭിക്കുന്നതിന് നടപടി | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. ജെ. മാക്സി | മട്ടാഞ്ചേരി-കൊച്ചി അർബൻ പ്രൊജക്ടിന് കീഴിലുള്ള അംഗനവാടികളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 9 | ശ്രീ. പി. അബ്ദുൽ ഹമീദ് | മുന്നിയൂരിലും പെരുവള്ളൂരിലും തേഞ്ഞിപ്പാലത്തും ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് നടപടി | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. ടി. സിദ്ദിഖ് | നിലമ്പൂർ-നഞ്ചൻഗോഡ് റെയിൽപാത | കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports:*

The following reports were presented:

(i) The Fourth Report of the Business Advisory Committee.

(ii) Report of Subject Committee VI on The University Laws (Amendment) Bill, 2021.

(iii) Report of Subject Committee VI on The University Laws (Amendment) (No. 2) Bill, 2021.

(iv) Report of Subject Committee XI on The Kerala Co-operative Societies (Second Amendment) Bill, 2021.

*Consideration of Report:*

The Fourth Report of the Business Advisory Committee was adopted.

1785/2021(ii).

*Rulings by the Speaker :*

(1) The Speaker gave the following ruling on a point of order raised by Shri T. Siddique under Rule 303 on 2021 October 12, regarding the nonlaying of annual reports mandated by the Right to Information Act, 2005.

" കേന്ദ്ര നിയമമായ 2005-ലെ വിവരാവകാശ നിയമത്തിന്റെ സെക്ഷൻ 25 പ്രകാരം ഓരോ വർഷവും നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് സംസ്ഥാന വിവരാവകാശ കമ്മീഷൻ തയ്യാറാക്കേണ്ടതും അതിനുശേഷം സർക്കാർ അത് സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതുമാണ്. എന്നാൽ പ്രസ്തുത റിപ്പോർട്ടുകൾ കഴിഞ്ഞ കുറെ വർഷങ്ങളായി യഥാസമയം സഭയുടെ മേശപ്പുറത്തു വയ്ക്കുന്നില്ല എന്നും ഇതുമൂലം ഇക്കാര്യങ്ങൾ അറിയാനുള്ള സഭയുടെ അവകാശം ഹനിക്കപ്പെടുന്നുവെന്നും ഇക്കാര്യത്തിൽ റൂളിംഗ് ഉണ്ടാവണമെന്നതുമാണ് ഒക്ടോബർ 12-ാം തീയതി ശ്രീ. ടി. സിദ്ദിഖ് തന്റെ ക്രമപ്രശ്നത്തിലൂടെ സഭയിൽ ഉന്നയിച്ചത്.

ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയത്തിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങൾ വിശദമായി പരിശോധിച്ച് മറുപടി പറയുന്നതിന് കൂടുതൽ സമയം വേണ്ടതുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതുസംബന്ധിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയും ചെയറിന്റെ റൂളിംഗ്-ഉം 2021 ഒക്ടോബർ 20-ാം തീയതി നൽകുമെന്ന് അന്നുതന്നെ അറിയിച്ചിരുന്നു. എന്നാൽ കഴിഞ്ഞ ദിവസങ്ങളിൽ സംസ്ഥാനം നേരിട്ട പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഒക്ടോബർ 20, 21, 22 തീയതികളിലെ സഭാ നടപടികൾ ഒഴിവാക്കപ്പെട്ട സാഹചര്യത്തിലാണ് ഈ ക്രമപ്രശ്നത്തിന്മേലുള്ള സർക്കാർ വിശദീകരണം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ നൽകിയിട്ടുള്ളത്.

ക്രമപ്രശ്നത്തിന് ആധാരമായ വിഷയവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണവും ചെയർ പരിശോധിക്കുകയുണ്ടായി. ഇവിടെ വിശദീകരിച്ചതുപോലെ 2005-ലെ വിവരാവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കിയതു സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങുന്ന സംസ്ഥാന വിവരാവകാശ കമ്മീഷന്റെ വാർഷിക റിപ്പോർട്ടുകളിൽ 2017-18, 2018-19, 2019-20, 2020-21 എന്നീ നാല് വർഷങ്ങളിലെ റിപ്പോർട്ടുകളാണ് ഇനിയും സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതായിട്ടുള്ളത്. അതിൽ 2017-18 വർഷത്തെ റിപ്പോർട്ട് സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയിട്ടുള്ളതായും ശേഷിക്കുന്നവ എത്രയും വേഗം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിക്കുകയുണ്ടായി. ഇനിയും സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട എല്ലാ റിപ്പോർട്ടുകളും സമയബന്ധിതമായി സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനുള്ള നടപടികൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകൾ സംബന്ധിച്ച സമിതി സ്വീകരിച്ചു കഴിഞ്ഞതായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽനിന്നും വ്യക്തമാകുന്നുണ്ട്.

ഈ സാഹചര്യത്തിൽ, വിവരാവകാശ നിയമപ്രകാരമുള്ള എല്ലാ പൊതു അധികാരികളിൽനിന്നും നിർദ്ദിഷ്ട വിശദാംശങ്ങൾ സമയബന്ധിതമായി ശേഖരിച്ച് കുടിശ്ശികയായിട്ടുള്ള എല്ലാ റിപ്പോർട്ടുകളും കഴിയുന്നതും വേഗം സഭയുടെ മേശപ്പുറത്തുവയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു.

ഇക്കാര്യത്തിൽ പ്രത്യേകിച്ചും, സമാന റിപ്പോർട്ടുകളുടെ കാര്യത്തിൽ പൊതുവേയും അവ യഥാസമയം സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു എന്ന് ഉറപ്പാക്കുന്ന കാര്യത്തിൽ പ്രസ്തുത നിയമസഭാ സമിതി അതിന്റെ നിരീക്ഷണം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു."

(2) The Speaker gave the following ruling on a point of order raised by Shri U. A. Lathif under Rule 303 regarding the non-issuance of rules to date as stipulated under Section 175 (1) of The Kerala Panchayat Raj Act, 1994.

"1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 175 (1) അനുശാസിക്കുന്ന പ്രകാരം ഓരോ വർഷവും വികസന പദ്ധതികൾ തയ്യാറാക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനായി നിർമ്മിക്കേണ്ട ചട്ടങ്ങൾ, നിയമം നിലവിൽ വന്ന് 27 വർഷങ്ങൾ കഴിഞ്ഞിട്ടും നിർമ്മിക്കപ്പെടാതിരുന്നതിനെ സംബന്ധിച്ചാണ് ചട്ടം 303 പ്രകാരം ശ്രീ. യു. എ. ലത്തീഫ് ഒരു ക്രമപ്രശ്നം സഭയിൽ ഉന്നയിച്ചത്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന് കീഴിൽ ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്ന വ്യക്തമായ വ്യവസ്ഥകൾ ഉണ്ടായിട്ടും ഇതുവരെ ചട്ടങ്ങൾ നിർമ്മിക്കുവാൻ കഴിയാതിരുന്നതിനെ സംബന്ധിച്ച കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

അധികാര വികേന്ദ്രീകരണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണവും ലക്ഷ്യം വച്ചുകൊണ്ടും, 73-ഉം 74-ഉം ഭരണഘടനാ ഭേദഗതികൾക്കനുസൃതമായും 1994-ൽ കേരള നിയമസഭ പാസ്സാക്കിയ രണ്ട് സുപ്രധാന നിയമങ്ങളാണ് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമവും, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമവും. ഈ നിയമങ്ങളുടെ ശരിയായ നടത്തിപ്പിനായി ഒട്ടേറെ ചട്ടങ്ങൾക്ക് കഴിഞ്ഞ കാലങ്ങളിൽ രൂപം കൊടുത്തിരുന്നതായി നമുക്കറിയാം. അവയൊക്കെത്തന്നെ സംസ്ഥാനത്തൊട്ടാകെ, പ്രസ്തുത നിയമങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് ഏറെ അനുഗുണമായിരുന്നതായും കാണാവുന്നതാണ്.

എന്നാൽ ഓരോ തലത്തിലുമുള്ള പഞ്ചായത്തുകൾ ഓരോ വർഷവും തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതായ തൊട്ടടുത്ത വർഷത്തേക്കുള്ള വികസന പദ്ധതികൾ സംബന്ധിച്ച റിപ്പോർട്ടുകൾ എപ്രകാരമായിരിക്കണമെന്നത്

നിഷ്കർഷിക്കേണ്ടതും സെക്ഷൻ 175 (1)-ൽ വിഭാവനം ചെയ്തിട്ടുള്ളതുമായ ചട്ടങ്ങൾക്ക് നാളിതുവരെ അന്തിമ രൂപം നൽകിയിട്ടില്ല എന്ന വസ്തുത സഗൗരവം വീക്ഷിക്കേണ്ട ഒരു കാര്യം തന്നെയാണെന്നാണ് കാണുന്നത്. അതിനേക്കാൾ ഗുരുതരമായി ചെയർ കാണുന്നത് 14-ാം കേരള നിയമസഭയിൽ, 2016 നവംബർ 9-ാം തീയതി സഭയിൽ ഉന്നയിക്കപ്പെട്ട ഇതേ വിഷയത്തിന്മേലുള്ള ഒരു ക്രമപ്രശ്നത്തിന് മറുപടി പറഞ്ഞ അന്നത്തെ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സഭയ്ക്ക് ഉറപ്പുനൽകിയിരുന്നത് 2017-18 സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണമാകുമ്പോഴേക്കും ചട്ടങ്ങൾ കൊണ്ടുവരാൻ സർക്കാർ ശ്രമിക്കുമെന്നാണ്. അതിനുശേഷം ഇപ്പോൾ 5 വർഷം പൂർത്തീകരിച്ച വേളയിലും കരട് ചട്ടങ്ങൾ പരിശോധനാ തലത്തിലാണെന്നാണ് അറിയിച്ചിരിക്കുന്നത്. സഭയ്ക്ക് നൽകപ്പെട്ട ഉറപ്പ് പാലിക്കുന്നതിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ ശരിയായ രീതിയിലുള്ള ഒരു പരിശ്രമവും ഇതിനകം നടത്തിയില്ല എന്നത് നീതീകരിക്കാനാവുന്നതല്ലെന്ന് പറയേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽവന്ന കാലതാമസം പ്രത്യേകമായി പരിശോധിച്ച് ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കാനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ സാഹചര്യത്തിൽ ഇവിടെ പ്രത്യേകമായി പരാമർശിച്ച ചട്ടങ്ങൾക്ക് ഒരു മാസത്തിനകം രൂപം നൽകണമെന്നും അതിനുശേഷം അത് കരട് രൂപത്തിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ മുൻകൂർ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു.

അതോടൊപ്പം സഭ മുൻപ് പാസ്സാക്കിയതും ഇപ്പോൾ പാസ്സാക്കിക്കൊണ്ടിരിക്കുന്നതുമായ നിയമങ്ങൾ പ്രകാരം സർക്കാർ നിർമ്മിക്കപ്പെടേണ്ട ചട്ടങ്ങൾ നിയമസഭാ നടപടി ചട്ടങ്ങളിലെ ചട്ടം 238 (2)-ൽ പരാമർശിച്ചിരിക്കുന്ന കാലപരിധിക്കുള്ളിൽത്തന്നെ തയ്യാറാക്കി അതതു സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മപരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു.

ചട്ടങ്ങളുടെ സമയബന്ധിതമായ രൂപീകരണം, കരട് ചട്ടങ്ങളുടെ സൂക്ഷ്മ പരിശോധന തുടങ്ങിയ കാര്യങ്ങളിൽ വിവിധ സബ്ജക്ട് കമ്മിറ്റികൾ സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച് 2019 ജൂൺ 12-ാം തീയതി ചെയറിൽ നിന്നുണ്ടായിട്ടുള്ള നിർദ്ദേശങ്ങൾ എല്ലാ സബ്ജക്ട് കമ്മിറ്റികളും കർശനമായി പാലിക്കേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു. "

*Financial Business :*

Shri K. N. Balagopal, Minister for Finance laid on the table the Supplementary Financial Statement in the Budget for the fianancial year 2021-2022.

*Legislative Business :*

**Motion for Consideration and further stages of the following Bills as reported by the Subject Committee:**

(1) *The Kerala Coir Workers' Welfare Fund (Amendment) Bill, 2021, The Kerala Micro, Small and Medium Enterprises Facilitation (Amendment) Bill, 2021 and The Kerala Minerals (Vesting of Rights) Bill, 2021*

Shri P. Rajeeve, Minister for Law, Industries and Coir moved the motion that The Kerala Coir Workers' Welfare Fund (Amendment) Bill, 2021, The Kerala Micro, Small and Medium Enterprises Facilitation (Amendment) Bill, 2021 and The Kerala Minerals (Vesting of Rights) Bill, 2021 as reported by the Subject Committee be taken up for consideration.

Shri Manjalamkuzhi Ali and Shri P. C. Vishnunadh who recorded their dissent to the Subject Committee Reports spoke.

Shri Pramod Narayan moved an amendment to circulate the The Kerala Coir Workers' Welfare Fund (Amendment) Bill, 2021 for obtaining public opinion and spoke. Shri K. Babu (*Thripoonithura*) moved another amendment to recommit the Bill to the same Subject Committee and spoke.

Shri P. Nandakumar as authorised by Shri T. P. Ramakrishnan moved an amendment to circulate the The Kerala Micro, Small and Medium Enterprises Facilitation (Amendment) Bill, 2021 for obtaining public opinion and spoke. Shri V. Sasi as authorised by Shri E. Chandrasekharan moved another amendment to recommit the Bill to the same Subject Committee and spoke.

Shri I. C. Balakrishnan moved an amendment to circulate the The Kerala Minerals (Vesting of Rights) Bill, 2021 for obtaining public opinion and spoke. Shri Najeeb Kanthapuram as authorised by Shri P. K. Basheer moved another amendment to recommit the Bill to the same Subject Committee and spoke.

After discussion and reply of the Minister the amendments moved were withdrawn with the leave of the House. Then the Bills as reported by the Subject Committee were taken into consideration and were passed by the House with the following amendments:

*(i) The Kerala Coir Workers' Welfare Fund (Amendment) Bill, 2021*

<u>ഒന്നാം വകുപ്പ്</u>

In Clause 1(2) for the figures and letter "$17^{th}$" the figures and letters "$17^{th}$" shall be substituted.

<u>രണ്ടാം വകുപ്പ്</u>

In section 4(8) proposed to be amended in the principal Act by Clause 2(3), after the words "The Government may" the symbol "," shall be inserted.

*(ii) The Kerala Micro, Small and Medium Enterprises Facilitation (Amendment) Bill, 2021*

<u>അഞ്ചാം വകുപ്പ്</u>

ഖണ്ഡം 5 (iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 2(ജെഎ)-ൽ "നഗര പ്രദേശ" എന്നതിനുപകരം "നഗരപ്രദേശ" എന്ന് ചേർക്കുക.

<u>ആറാം വകുപ്പ്</u>

(1) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1)-ൽ "സത്വരമായി" എന്നതിന് പകരം "സമയബന്ധിതമായി" എന്ന് ചേർക്കുക.

(2) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1) (എ)-ൽ "ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ" എന്നതിന് പകരം "നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലിന്റെ" എന്ന് ചേർക്കുക.

(3) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1) (ബി)-ൽ "റെസ്ക്യൂ" എന്നതിന് ശേഷം "സർവ്വീസസ്" എന്ന് ചേർക്കുക.

(4) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6 എ(1) (സി)-ൽ "കേരള വ്യവസായ വികസന കോർപ്പറേഷൻ, മാനേജിംഗ് ഡയറക്ടർ" എന്നതിനു പകരം "മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ" എന്ന് ചേർക്കുക.

(5) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ (3)-ൽ "ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ" എന്നതിനുപകരം "നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലിന്റെ" എന്ന് ചേർക്കുക.

(6) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(1)-ൽ "ബ്യൂറോയിലെ" എന്നതിനുപകരം "ബ്യൂറോയുടെ" എന്നത് ചേർക്കുക.

(7) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (1)-ൽ "വിവിധ സംസ്ഥാന" എന്നതിന് പകരം "സംസ്ഥാനത്തെ" എന്ന് ചേർക്കുക.

(8) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (4)-ൽ "മുമ്പ്" എന്ന വാക്കിന് പകരം "മുൻപ്" എന്ന വാക്ക് ചേർക്കുക.

(9) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (6)-ൽ "(5)-ാം" എന്ന അക്കത്തിനും ചിഹ്നത്തിനും പകരം "(4)-ാം" എന്ന അക്കവും ചിഹ്നവും ചേർക്കുക.

(10) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (6)-ൽ "ഒരുവർഷക്കാലയളവിനുള്ളിൽ" എന്നതിന് പകരം "ഒരു വർഷക്കാലയളവിനുള്ളിൽ" എന്ന് ചേർക്കുക.

(11) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(6)-ൽ "പാലിക്കുവാൻ" എന്നതിന് പകരം "പാലിക്കുന്നതിൽ" എന്നത് ചേർക്കുക.

(12) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(6)-ൽ "വീഴ്ചവരുത്തുന്നപക്ഷം" എന്നതിന് പകരം "വീഴ്ച വരുത്തുന്നപക്ഷം" എന്ന് ചേർക്കുക.

(13) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി(2)-ൽ "നിന്നു" എന്നതിന് പകരം "നിന്ന്" എന്ന് ചേർക്കുക.

(14) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (3) (ഡി)(ii)-ൽ "പൂർത്തിയാക്കാത്ത" എന്നതിന് പകരം "പൂർണ്ണമല്ലാത്ത" എന്ന് ചേർക്കുക.

(15) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ഡി-ൽ

(i) "ബ്യൂറോ" എന്ന വാക്കിനുപകരം "ബ്യൂറോയ്ക്ക്, പ്രസ്തുത വ്യവസായ സ്ഥാപനത്തിന് ഒരു നോട്ടീസ് നൽകിയതിനുശേഷവും അപ്രകാരമുള്ള വ്യവസായസ്ഥാപനം നൽകുന്ന മറുപടി ഏതെങ്കിലും ഉണ്ടെങ്കിൽ, അത് പരിഗണിച്ചതിനുശേഷവും" എന്ന വാക്കുകൾ ചേർക്കുക.

(ii) "റദ്ദാക്കേണ്ടതും" എന്ന വാക്കിന് പകരം "റദ്ദാക്കാവുന്നതും" എന്ന വാക്ക് ചേർക്കുക.

*(iii) The Kerala Minerals (Vesting of Rights) Bill, 2021*

<u>അഞ്ചാം വകുപ്പ്</u>

(1) ഖണ്ഡം 5(1)-ൽ "സർക്കാരിന്" എന്നതിനുപകരം "സർക്കാരിന്," എന്ന വാക്കും ചിഹ്നവും ചേർക്കുക.

(2) ഖണ്ഡം 5(2)-ൽ "അതിന്റെ" എന്നതിനു പകരം "സഭ" എന്ന് ചേർക്കുക.

(3) ഖണ്ഡം 5(2)-ൽ "അതിന്റെ മുമ്പാകെ" എന്നതിനുശേഷം വരുന്ന "അത്" എന്നത് ഒഴിവാക്കുക.

*(2) The Kerala Toddy Industry Development Board Bill, 2021*

Shri P. Rajeeve, Minister for Law, Industries and Coir on behalf of Minister for Local Self Governments, Rural Development and Excise moved the motion that The Kerala Toddy Industry Development Board Bill, 2021 as reported by the Subject Committee be taken up for consideration.

Shri K. Babu (*Thripoonithura*) and Shri Thiruvanchoor Radhakrishnan who recorded their dissent to the Subject Committee Reports spoke.

Shri Job Maichil moved an amendment to circulate the The Kerala Toddy Industry Development Board Bill, 2021 for obtaining public opinion and spoke. Shri K. Babu (*Nenmara*) as authorised by Shri K. U. Jenish Kumar moved another amendment to recommit the Bill to the same Subject Committee and spoke.

After the reply of the Minister the amendments moved were withdrawn with the leave of the House. Then the Bill as reported by the Subject Committe was taken into consideration and passed by the House with the following amendments.

<u>രണ്ടാം വകുപ്പ്</u>

ഖണ്ഡം 2-ൽ "-(1)" എന്നത് നീക്കം ചെയ്യുക.

<u>മൂന്നാം വകുപ്പ്</u>

(1) ഖണ്ഡം 3(2)-ൽ "ബോർഡ്" എന്നതിന് ശേഷം "," ചിഹ്നം ചേർക്കുക.

(2) ഖണ്ഡം 3(4)(എച്ച്)-ൽ "യൂണിയനുകളിലെ" എന്നതിനുപകരം "യൂണിയനുകളുടെ" എന്ന് ചേർക്കുക.

ആറാം വകുപ്പ്

(1) ഖണ്ഡം 6-ൽ "തുടരുന്നതിനും" എന്ന വാക്കിനുമുമ്പായി "അംഗമായി" എന്ന് ചേർക്കുക.

(2) ഖണ്ഡം 6(ഡി)-ൽ, "ബോർഡോ" എന്നതിനുശേഷം "," ചിഹ്നം ചേർക്കുക.

ഏഴാം വകുപ്പ്

(1) ഖണ്ഡം 7(1)-ൽ "അംഗത്തിനെയോ" എന്ന വാക്കിന് പകരം "അംഗത്തെയോ" എന്ന് ചേർക്കുക.

(2) ഖണ്ഡം 7(2)-ൽ, "സമയത്ത്" എന്നതിനുപകരം "കാലയളവിൽ" എന്ന് ചേർക്കുക.

എട്ടാം വകുപ്പ്

ഖണ്ഡം 8-ൽ "സർക്കാരിന്" എന്നതിന് പകരം "സർക്കാരിനെ" എന്ന് ചേർക്കുക.

ഒൻപതാം വകുപ്പ്

(1) ഖണ്ഡം 9(1)-ൽ "വകപ്പ്" എന്ന് വരുന്നിടത്തെല്ലാം "വകുപ്പ്" എന്ന് ചേർക്കുക.

(2) ഖണ്ഡം 9(2)-ൽ "ഏതു" എന്നതിനുപകരം "ഏത്" എന്ന് ചേർക്കുക."

പതിമൂന്നാം വകുപ്പ്

ഖണ്ഡം 13(1)-ൽ "ഡെപ്യൂട്ടേഷൻ" എന്നതിന് പകരം "അന്യത്ര സേവന വ്യവസ്ഥ" എന്ന് ചേർക്കുക.

പതിനാറാം വകുപ്പ്

ഖണ്ഡം 16 (2) (ഇ)-ൽ "വച്ച്" എന്നതിന് പകരം "നട്ട്" എന്ന് ചേർക്കുക.

ഇരുപതാം വകുപ്പ്

ഖണ്ഡം 20(3)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കുക.

"(4) 2002-ലെ കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ ചട്ടങ്ങൾക്ക് കീഴിൽ കള്ള്ഷാപ്പ് ലൈസൻസികളിൽ നിന്നും അധിക വാർഷിക റെന്റൽ ആയി ഈടാക്കുന്ന

തുകയും തൊഴിലാളി കമ്മിറ്റികൾ നടത്തുന്ന കള്ള്ഷാപ്പുകളുടെ സംഗതിയിൽ അധിക വാർഷിക റെന്റൽ ആയി ഈടാക്കുന്ന തുകയും, സംസ്ഥാന നിയമസഭ നിയമംമൂലം നടത്തുന്ന യഥാവിധിയുള്ള ധനവിനിയോഗത്തിനു ശേഷം നിധിയിലേക്ക് വരവ് വയ്ക്കേണ്ടതാണ്.

(5) 1959-ലെ വൃക്ഷക്കര ചട്ടങ്ങൾക്ക് കീഴിൽ അധിക പെർമിറ്റ് ഫീസായി ചുമത്തുന്ന ഒരു രൂപ സംസ്ഥാന നിയമസഭ നടത്തുന്ന യഥാവിധിയുള്ള ധനവിനിയോഗത്തിനു ശേഷം നിധിയിലേക്ക് വരവ് വയ്ക്കേണ്ടതാണ്.".

The House adjourned at 6.18 p.m. to meet again at 9.00 a. m. on Tuesday October 26, 2021.

S. V. UNNIKRISHNAN NAIR,

*Secretary.*